**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3319** **01-03-2023 - ൽ മറുപടിയ്ക്ക്**

**കൊടക്കാട് നാടൻ കലാഗ്രാമത്തിന് ഭൂമി കൈമാറാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊടക്കാട് നാടൻ കലാഗ്രാമത്തിന് അനുവദിച്ച ഭൂമി കൈമാറുന്നതിനുള്ള കാലതാമസത്തിനും കൈമാറ്റ ഉത്തരവ് നൽകാത്തതിനുമുള്ള കാരണം വ്യക്തമാക്കാമോ; ഈ സ്ഥാപനത്തിന് ഭൂമി കൈമാറാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | ഹോസ്ദുർഗ്ഗ് താലൂക്ക്, കൊടക്കാട് വില്ലേജിലെ റീസർവ്വേ നമ്പർ 298/3-ൽപ്പെട്ട 3 ഏക്കർ ഭൂമി കണ്ണപ്പെരുവണ്ണാൻ സ്മാരക കെട്ടിടം നിർമ്മിക്കുന്നതിനായി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള വ്യക്തമായ ശുപാർശ സഹിതമുള്ള ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ,സാംസ്കാരിക വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ ആവശ്യത്തിനായി സാംസ്കാരിക വകുപ്പിൽ നിന്ന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല.<br><br>നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമാക്കാൻ സാംസ്കാരിക വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നെങ്കിലും കണ്ണപ്പെരുവണ്ണാൻ സ്മാരക കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിലവിലില്ലെന്ന് കളക്ടറെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭൂമി കൈമാറ്റത്തിനായി ഫോക് ലോർ അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അക്കാദമിക്ക് ഭൂമി കൈമാറ്റം ചെയ്യാൻ നിർവ്വാഹമില്ലാത്തതിനാൽ സാംസ്കാരിക വകുപ്പിൽ നിന്ന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമാക്കി സമർപ്പിക്കാൻ അക്കാഡമി സെക്രട്ടറിയോട് ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത അപേക്ഷ ലഭ്യമാകുന്ന മുറക്ക് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | സാംസ്കാരിക വകുപ്പ് റവന്യൂ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടും ജില്ലാ ഭരണകൂടം എന്തുകൊണ്ടാണ് | (ബി) | ഹോസ്ദുർഗ്ഗ് താലൂക്ക്, കൊടക്കാട് വില്ലേജിലെ റീസർവ്വേ നമ്പർ 298/3-ൽപ്പെട്ട 3 ഏക്കർ ഭൂമി |

| | | | |
|---|---|---|---|
| | തടസ്സം നിൽക്കുന്നതെന്ന് വ്യക്തമാക്കാമോ? | | കണ്ണപ്പെരുവണ്ണാൻ സ്മാരക കെട്ടിടം നിർമ്മിക്കുന്നതിനായി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള വ്യക്തമായ ശുപാർശ സഹിതമുള്ള ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ,സാംസ്കാരിക വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ ആവശ്യത്തിനായി സാംസ്കാരിക വകുപ്പിൽ നിന്ന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല.<br><br>നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമാക്കാൻ സാംസ്കാരിക വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നെങ്കിലും കണ്ണപ്പെരുവണ്ണാൻ സ്മാരക കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിലവിലില്ലെന്ന് കളക്ടറെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭൂമി കൈമാറ്റത്തിനായി ഫോക് ലോർ അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അക്കാദമിക്ക് ഭൂമി കൈമാറ്റം ചെയ്യാൻ നിർവ്വാഹമില്ലാത്തതിനാൽ സാംസ്കാരിക വകുപ്പിൽ നിന്ന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമാക്കി സമർപ്പിക്കാൻ അക്കാഡമി സെക്രട്ടറിയോട് ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത അപേക്ഷ ലഭ്യമാകുന്ന മുറക്ക് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ